**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ. 7141**

**03.11.2011-ൽ മറുപടിയ്ക്ക്**

## സ്വകാര്യമേഖലയിലെ തൊഴിലാളികളുടെ വേതന വിതരണം

**ചോദ്യം**

ശ്രീ.എ.റ്റി.ജോർജ്:
ശ്രീ;അൻവർ സാദത്ത്:
ശ്രീ.പി.എ.മാധവൻ:
ശ്രീ.ബെന്നി ബെഹനാൻ:

(എ) സംസ്ഥാനത്തെ സ്വകാര്യമേഖലയിലുള്ള തൊഴിലാളികൾക്ക് വേതനം ലഭിക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

**ഉത്തരം**

ശ്രീ. ഷിബു ബേബിജോൺ
(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി)

(എ) നിലവിൽ 72 മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് വേതനം നിശ്ചയിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ടി മിനിമം വേജസ് നടപ്പാക്കുന്നതിനായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം വ്യക്തിഗത പരിശോധനകളും സ്ക്വാഡ് ഇൻസ്പെക്ഷനുകളും നടത്തി തൊഴിലാളികൾക്ക് മിനിമം വേതനം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്. നിശ്ചയിച്ചിട്ടുള്ള കൂലി നൽകുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടാൽ ക്ളെയിം പെറ്റീഷനുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. ഇതു കൂടാതെ 7 മേഖലകളിലെ തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലൂടെ മിനിമം കൂലി തൊഴിലാളിക്ക് ലഭിക്കുന്നു എന്നത് ബന്ധപ്പെട്ട ബാങ്ക് സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ഉറപ്പാക്കാൻ കഴിയുന്നതാണ്.

| | |
|---|---|
| (ബി) ഏതെല്ലാം മേഖലയിലെ തൊഴിലാളികൾക്കാണ് പ്രസ്തുത സൗകര്യം ലഭിക്കുക; | (ബി) തുടക്കത്തിൽ 7 മേഖലകളിലാണ് വേതന സുരക്ഷ പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇവ താഴെ പറയും പ്രകാരമാണ്.<br>1) സ്വകാര്യ പണിമിടപാട് സ്ഥാപനങ്ങൾ.<br>2) ടെക്റ്റയിൽസ്.<br>3) ജൂവ്വല്ലറി<br>4) സ്വകാര്യ ആശുപത്രികൾ.<br>5) ഐ.ടി.മേഖല<br>6)സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ.<br>7) കെട്ടിട നിർമ്മാണ മേഖല എന്നിവയാണ്. |
| (സി) ഇതിനായി വേതനം ബാങ്ക് അക്കൗണ്ടുകൾ വഴി വിതരണം ചെയ്യണം എന്ന നിബന്ധന പരിഗണിക്കുമോ; | (സി) അപ്രകാരം ചെയ്യാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) പ്രസ്തുത സംവിധാനം മോണിറ്റർ ചെയ്യാൻ ജില്ലാ ആഫീസർക്ക് അധികാരം നൽകുമോ? | (ഡി) ജില്ലാ ലേബർ ഓഫീസർ (എൻഫോഴ്സ്മെന്റ്)-ന് ഇതു സംബന്ധിച്ച അധികാരം നൽകാൻ ഉദ്ദേശിക്കുന്നു. |

സെക്ഷൻ ഓഫീസർ